# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## ബെവ്ക്യൂ ആപ് വഴിയുള്ള മദ്യവില്പന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1074

14.01.2021-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി.ടി.തോമസ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ .എം.വിൻസെന്റ്<br>ശ്രീ. അനൂപ് ജേക്കബ് | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| എ) ബെവ്ക്യൂ ആപ് വഴിയുള്ള മദ്യവില്പന ബെവ്കോയ്ക്ക് കനത്ത നഷ്ടം ഉണ്ടാക്കിയിട്ടുണ്ടോ; ഈ ആപ് വഴി 2020 ജൂൺ മുതൽ ഡിസംബർ വരെ വിറ്റഴിച്ച മദ്യത്തിലൂടെ ബെവ്കോയ്ക്ക് ലഭിച്ച വരുമാനം എത്രയാണ്; | എ) കോവിഡ് 19 കാലയളവിൽ പൊതുവിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി മദ്യവില്പനയിലും പുതിയ ക്രമീകരണം ഏർപ്പെടുത്തുകയുണ്ടായി. ഇതിന്റെ ഭാഗമായാണ് ബിവറേജസ്/കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾക്കു പുറമെ ബാർ/ബിയർവൈൻ പാർലറുകൾ തുടങ്ങിയവ മുഖേനയും മദ്യവില്പനയ്ക്ക് അനുമതി നൽകിയത് ഇപ്രകാരം മദ്യം പാർസലായി നൽകാൻ അനുമതി നൽകിയതുമൂലം കോർപ്പറേഷന്റെ ചില്ലറ വിൽപ്പന ശാലകൾ വഴിയുള്ള മദ്യ വിൽപനയിൽ കുറവുണ്ടാകുകയും എന്നാൽ വെയർഹൗസുകൾ വഴിയുള്ള മദ്യവിൽപ്പന കൂടുകയും ചെയ്തു. ചില്ലറവിൽപ്പനശാലകൾ വഴിയുള്ള മദ്യവിൽപ്പന വെയർഹൗസുകൾ വഴിയുള്ള മദ്യവിൽപ്പനയെ അപേക്ഷിച്ച് അധികലാഭം ഉണ്ടാക്കുന്നതിനാൽ കോർപ്പറേഷന്റെ ലാഭത്തിലും ആനുപാതികമായ കുറവുണ്ടായിട്ടുണ്ട്. ബെവ്ക്യൂ ആപ്പ് വഴി 2020 ജൂൺ മുതൽ ഡിസംബർ വരെ 8861 കോടി രൂപയുടെ മദ്യവിൽപ്പന നടത്തിയിട്ടുണ്ട്. ഇതിൽ 7947 കോടി രൂപ വിവിധ നികുതിയിനങ്ങളിലായി സർക്കാരിന് നൽകിയിട്ടുണ്ട്. |

**ബി)** ബെവ്കോ ആപ് വഴി ബാറുകൾക്ക് നൽകുന്ന ടോക്കണിന്റെ കൃത്യമായ കണക്ക് വെയർഹൗസുകൾക്ക് അറിയാമെങ്കിലും അതിന് ആനുപാതികമായ മദ്യമല്ല സ്വകാര്യ ബാറുകൾ വാങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് ഇടപെടലാണ് നടത്തിയതെന്ന് വിശദമാക്കുമോ;

**ബി)** ബെവ്ക്യൂ ആപ്പ് വഴി ബാറുകൾക്കും മറ്റ് ലൈസൻസികൾക്കും ലഭിക്കുന്ന ടോക്കണിന്റെ എണ്ണത്തിന് ആനുപാതികമായി, ഉപഭോക്താക്കളുടെ ആവശ്യകത അനുസരിച്ച് മദ്യം വിതരണം ചെയ്യണമെന്ന് എല്ലാ വെയർഹൗസ് മാനേജർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതിന് വ്യത്യാസം ഉണ്ടാകുകയാണെങ്കിൽ ആയത് പരിശോധിച്ച് തിരുത്തൽ നടപടികൾ എടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന് വിരുദ്ധമായി ടോക്കൺ നൽകിയിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടില്ല.

**സി)** കഴിഞ്ഞ ഓണക്കാലത്ത് ബെവ്കോ ഔട്ട്‌ലെറ്റുകളിൽ കച്ചവടം കുത്തനെ കുറയുകയുണ്ടായോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**സി)** 2020 വർഷത്തെ ഓണക്കാലത്ത് ബെവ്കോ ഔട്ട് ലെറ്റുകൾ വഴിയുള്ള മദ്യവിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകൾക്കൊപ്പം, എഫ്. എൽ - 3, എഫ്. എൽ - 11 ലൈസൻസികൾക്കും മദ്യം പാഴ്സലായി നൽകാൻ അനുമതി നൽകിയതും കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയുമാണ് ഇതിനു കാരണങ്ങൾ. എന്നാൽ ബെവ്കോ വെയർഹൗസു മുഖേനയുള്ള കച്ചവടത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**